സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ

20 (*290) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർക്കിക്കുന്നുണ്ടോ ; എങ്കിൽ എത്ര കേന്ദ്രങ്ങൾ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതെവിടെ നിന്നെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എല്ലാ ബ്ലോക്കുകളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള നടപടികൾ എതുവരെയായി എന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള 38 ബ്ലോക്ക് പഞ്ചായത്തുകളിൽ സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സാധാരണക്കാരായ ജനങ്ങൾക്ക് ബാങ്ക് ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച് ഉപദേശങ്ങൾ നൽകുകയും ഇത് സംബന്ധിച്ച് സംശയങ്ങൾ ദൂരീകരിക്കുകയുമാണ് ലക്ഷ്യങ്ങൾ.

(സി) ഓരോ ബ്ലോക്കിലും വ്യത്യസ്ത ബാങ്കുകളാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നത്. ഈ കേന്ദ്രങ്ങൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) ഇത് സംബന്ധിച്ച് ആവശ്യം സർക്കാരിൽ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധിക്കുന്നതാണ്.

സോയിൽ ഹെൽത്ത് കാർഡുകൾ

21 (*291) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ പി. സി. വിഷ്ണുനാഥ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) മണ്ണറിഞ്ഞ് വളപ്രയോഗം ചെയ്യുന്നതിനും അതുവഴി ഉത്പാദനക്ഷമതയും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും സോയിൽ ഹെൽത്ത് കാർഡ് നൽകുന്നതു വഴി ലക്ഷ്യമിടുന്നു. മണ്ണിലെ സൂക്ഷ്മ മൂലകങ്ങളുടെ പരിശോധനാഫലം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സഹായിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ജൈവ വളങ്ങൾ ചേർക്കുന്നതിനും ജൈവകൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) സോയിൽ ഹെൽത്ത് കാർഡുകളെ നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് കർഷകന്റെ പേര്, മേൽവിലാസം, സ്ഥലത്തിന്റെ ലൊക്കേഷൻ, സാമ്പിൾ കോഡ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് മണ്ണ് പരിശോധനഫലവും ഓരോ ഘടകത്തിന്റെയും വ്യാഖ്യാനവും രേഖപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് മണ്ണ് പരിശോധനാടിസ്ഥാനത്തിൽ കർഷകന്റെ പ്രധാനപ്പെട്ട മൂന്ന് വിളകളുടെ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശിപാർശകൾ അടങ്ങിയിരിക്കുന്നു. നാലാം ഭാഗത്ത് പൊതുവിലുള്ള വിളവ് പരിപാലന നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു.

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലും മണ്ണ് പരിശോധന ശാലകളും 11 ജില്ലകളിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകളും പ്രവർത്തിക്കുന്നു. ഈ ലാബുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം ചീഫ് സോയിൽ . കെമിസ്റ്റ് നിർവ്വഹിക്കുന്നു. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര മണ്ണ് സസ്യ ആരോഗ്യ കേന്ദ്രമാണ് എല്ലാ ലാബുകളുടേയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. കൃഷി ഡയറക്ടറേറ്റിൽ കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) ലാബുകളുടെ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നിർവ്വഹിക്കുന്നു. കൂടാതെ മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് വഴിയും സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly